പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3480 | 21.12.2012 ൽ മറുപടിയ്ക്ക്

## ഇ-പഞ്ചായത്ത് പദ്ധതി

**ചോദ്യം**
**ശ്രീ. സി.പി. മുഹമ്മദ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. വി.ഡി. സതീശൻ**
**ശ്രീ. പി.സി. വിഷ്ണുനാഥ്**

**ഉത്തരം**
**ഡോ: എം. കെ. മുനീർ**
**(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)**

(എ) ഇ – പഞ്ചായത്ത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

എ) ഉണ്ട്. കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുള്ള പദ്ധതിയാണ് ഇ-പഞ്ചായത്ത്. പഞ്ചായത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ വിവര സാങ്കേതികവിദ്യാ സഹായത്തോടുകൂടി ജനങ്ങളിൽ എത്തിക്കുന്നതിനായി അഖിലേന്ത്യതലത്തിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതിയാണ് ഇത്. സംസ്ഥാനങ്ങൾവികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ പ്രവർത്തനക്ഷമമായിട്ടുള്ള സംസ്ഥാനങ്ങളിൽ അവ തുടർന്നും ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ ആണ് സേവനങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നത്. ഇതിനു പുറമേ കേന്ദ്ര സർക്കാർ വികസിപ്പിച്ചിട്ടുള്ള നാഷണൽ പഞ്ചായത്ത് പോർട്ടൽ, പഞ്ചായത്ത് പ്രോഫൈലർ, ലോക്കൽ ഗവൺമെന്റ് ഡയറക്ടറി എന്നീ സോഫ്റ്റ്‌വെയറുകൾക്ക് ആവശ്യമായ വിവരങ്ങൾ കൂടി സംസ്ഥാനം നൽകി വരുന്നു. അതിനാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ നിന്നുള്ള വിവരങ്ങൾ കേന്ദ്ര സോഫ്റ്റ്‌വെയറുകളിലേക്ക് കൈമാറുന്ന സംവിധാനം വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയാണ് ഇതിലൂടെ പ്രധാനമായും നിർവ്വഹിക്കുന്നത്.

| | | | |
|---|---|---|---|
| ബി) | പഞ്ചായത്തുകളിലെ സേവന സംവിധാനങ്ങൾ വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | ബി) | പഞ്ചായത്തുകളിലെ സേവന സംവിധാനങ്ങൾ വർദ്ധിപ്പിക്കാൻ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള വിവിധ സോഫ്ട്വെയറുകൾ ആണ് ഉപയോഗിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ, ജനന മരണ വിവാഹ രജിസ്ട്രേഷൻ, അക്കൗണ്ടിംഗ്, പദ്ധതി രൂപീകരണം, നിർവ്വഹണം, കെട്ടിട നിർമ്മാണ അനുമതി, മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ്, ആസ്തികളുടെ കണക്ക്, പഞ്ചായത്ത് തീരുമാനങ്ങൾ തുടങ്ങിയവയ്ക്ക് വിവിധ സോഫ്റ്റ് വെയറുകൾ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. |
| സി) | ഇതിനുവേണ്ടി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിയ്ക്കുന്നത്; വിശദമാക്കുമോ? | സി) | ഇതിലേക്കായി 117.85 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ